സൗജന്യ യൂണിഫോം പദ്ധതി

18 (1064) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഈ പദ്ധതി പ്രഖ്യാപിച്ചത് ഏത് വർഷം മുതലാണ്; ലക്ഷ്യം വിശദമാക്കാമോ;

(ബി) ഏത് വർഷമാണ് അവസാനമായി പദ്ധതി നടപ്പിലാക്കിയതെന്ന് അറിയിക്കുമോ ; പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ;

(സി) പ്രസ്തുത ആനുകൂല്യം ലഭിക്കാനുള്ള മാനദണ്ഡം എന്തൊക്കെയെന്നും ഓരോ വിദ്യാർത്ഥിക്കുംവേണ്ടി എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) യൂണിഫോമിനായി നൽകുന്ന തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്. 2012-13 മുതൽ എസ്.എസ്.എ. പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് നൽകിവരുന്ന സൗജന്യ യൂണിഫോം അതേ കാറ്റഗറിയിൽപ്പെട്ട എയ്ഡഡ് മേഖലയിലെ കുട്ടികൾക്കുകൂടി അനുവദിച്ച് 29-5-2013-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 177/2013/പൊ.വി.വ. പ്രകാരം സർക്കാർ തീരുമാനിക്കുകയുണ്ടായി. പൊതു വിദ്യാഭ്യാസ മേഖലയിൽ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ് വരെയാണ് യൂണിഫോം വിതരണം ചെയ്യുന്നത്. ഇതിൽ ഗവ./എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ എട്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യാനാണ് 2013-ൽ തീരുമാനമെടുത്തത്.

(ബി) 2013 മുതൽ എല്ലാ വർഷവും യൂണിഫോം വിതരണം നടത്തുന്നുണ്ട്. ഈ അദ്ധ്യയന വർഷവും യൂണിഫോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) പൊതു വിദ്യാഭ്യാസ മേഖലയിൽ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയാണ് യൂണിഫോം വിതരണം ചെയ്യുന്നത്. ഇതിൽ ഗവ./എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുവാനാണ് തീരുമാനമെടുത്തത്. ഓരോ വിദ്യാർത്ഥിക്കും 2 ജോഡി യൂണിഫോമിനായി 400 രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly